ഉത്തരം

(എ,ബി) സംസ്ഥാനത്തിന്റെ വിവിധ ആവശ്യങ്ങൾ സംബന്ധിച്ച് മുഖ്യ മന്ത്രി പ്രധാനമന്ത്രിയ്ക്കും മറ്റ് കേന്ദ്രമന്ത്രിമാർക്കും 410 ലധികം നിവേദന ങ്ങൾ നൽകിയിട്ടുണ്ട്. കൂടാതെ സംസ്ഥാന മന്ത്രിസഭ 31.10.98-ലും 27.4.2000 ത്തിലും പ്രധാനമന്ത്രിക്ക് നിവേദനം നൽകിയിട്ടുണ്ട്. കൃഷി, മത്സ്യബന്ധനം, ഗ്രാമവികസനം, വ്യവസായം, ഊർജ്ജം, ഗതാഗതം, കാവേരി നദീജല വിഭ ജനം, ദേശീയ തീരദേശ സംരക്ഷണം, ടൂറിസം, ഏഴിമല നേവൽ അക്കാദമി, പൊതുവിതരണം, പ്രകൃതിദുരന്തം, ഗൾഫ് മലയാളികളുടെ പുനരധിവാസം, വായ്പാ അനുപാതം, സംസ്ഥാനത്തെ കേന്ദ്ര മുതൽമുടക്ക് തുടങ്ങിയ വിഷയ ങ്ങൾ സംബന്ധിച്ചാണ് നിവേദനങ്ങൾ നല്കിയിട്ടുള്ളത്.

(സി) നിരന്തരമായ സമ്മർദ്ദംമൂലം കേന്ദ്രസർക്കാരിൽ നിന്നും നേടിയെ ടുക്കാൻ കഴിഞ്ഞ ചില കാര്യങ്ങൾ താഴെ പറയുന്നവയാണ്.

തിരുവനന്തപുരം അന്താരാഷ്ട്ര വിമാനത്താവളത്തിന്റെ റൺവേ വിക സനവും പുതിയ ടെർമിനൽ നിർമ്മാണത്തിനുള്ള അംഗീകാരവും കോഴി ക്കോട് വിമാനത്താവളത്തിന്റെ റൺവേ വികസനം, നെടുമ്പാശ്ശേരി വിമാന ത്താവളത്തിന് അന്താരാഷ്ട്ര പദവി, കൊച്ചി സി.എൻ.ജി. ടെർമിനലിന്റെ അംഗീകാരം, കായംകുളം താപവൈദ്യുതനിലയത്തിന്റെ പൂർത്തീകരണം കൊച്ചിൻ എണ്ണ ശുദ്ധീകരണശാലയുടെ 500 മെഗാ വാട്ട് പവ്വർ പ്രോജക്ടിന്റെ ഒന്നാം ഘട്ടത്തിനുള്ള അംഗീകാരം, ഷൊർണ്ണൂർ-എറണാകുളം റെയിൽവേ ലൈൻ വൈദ്യുതീകരണം, എസ്.ബി.ഐ. യുടെ സോണൽ ഓഫീസ് തിരുവ നന്തപുരത്ത് സ്ഥാപിച്ചത്, ഏഴിമല നാവിക അക്കാദമിയുടെ നിർമ്മാണപ്രവർത്തനം ത്വരിതപ്പെടുത്തൽ, മന്ദഗതിയിലായിരുന്ന കൊല്ലം-കോട്ടപ്പുറം ജല പാതയുടെ വികസനം ത്വരിതപ്പെടുത്തൽ, മൺസൂൺ കാലത്തെ ആഴക്കടൽ മത്സ്യബന്ധം നിരോധനം, കോസ്റ്റൽ സോൺ റഗുലേഷൻസിൽ കേരളത്തിനു ദോഷകരമായ പല നിബന്ധനകളും നീക്കം ചെയ്യൽ, കണ്ണൂർ വിമാനത്താവള ത്തിന്റെ തത്വത്തിലുള്ള അംഗീകാരം, റാന്നിയിലെ താൽക്കാലിക പാലം നിർമ്മാണം, റ്റി.ബി.ജി.ആർ. ഐയ്ക്ക് സെന്റർ ഓഫ് എക്സലൻസ് അംഗീ കാരം, എസ്.റ്റി.സി.യെക്കൊണ്ട് റബ്ബർ സംഭരിക്കുന്നതിനുള്ള തീരുമാനം എടു ത്തത്. സെൻട്രൽ മേൻ പവർ എക്സ്പോർട്ട് പ്രമോഷൻ കൗൺസിൽ രൂപീ കരിക്കാനുള്ള തീരുമാനം.

5 (8) സെക്രട്ടേറിയറ്റ് ടൈപ്പിസ്റ്റ് ജീവനക്കാർക്ക് തസ്തിക മാറ്റം വഴി ഗ്രേഡ് 1 അസിസ്റ്റന്റായി നിയമനം

ശ്രീ. തമ്പാനൂർ രവി : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) സെക്രട്ടേറിയറ്റ് ടൈപ്പിസ്റ്റ് തസ്തികയിലുള്ള ജീവനക്കാർക്ക് തസ്തികമാറ്റം വഴി ഗ്രേഡ് 1 അസിസ്റ്റന്റായി നിയമനം ലഭിക്കുന്നതിലേക്കാവ ശ്യമായ റൂൾസിൽ മാറ്റം വരുത്തിയിട്ടുണ്ടോ;

(ബി) എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ;

(സി) ഇല്ലെങ്കിൽ ഇതിനുള്ള കാലതാമസത്തിന്റെ കാരണം വ്യക്തമാ ക്കുമോ;

LIBRARY ARCHIVES Kerala Legislative Assembly

(ഡി) ഇതു സംബന്ധിച്ച ഫയൽ നടപടികൾ ഇപ്പോൾ ഏത് ഘട്ട ത്തിലാണെന്ന് വ്യക്തമാക്കുമോ;

(ഇ) റൂൾസിൽ മാറ്റം വരുത്തുവാൻ കാലതാമസം ഉണ്ടാകുന്നതുമൂലം ടൈപ്പിസ്റ്റ് വിഭാഗം ജീവനക്കാർക്ക് അർഹതപ്പെട്ട തസ്തികമാറ്റം നഷ്ടപ്പെടുന്ന തായി ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(എഫ്) കാലതാമസം ഒഴിവാക്കി പ്രസ്തുത റൂൾസിൽ മാറ്റം വരുത്തി ഉത്തരവുണ്ടാകുന്നതിന് വേണ്ട നിർദ്ദേശം ബന്ധപ്പെട്ടവർക്ക് നൽകുമോ;

(ജി) 1:1:1:1 എന്ന റേഷ്യോ നിലവിൽ വന്നതുകൊണ്ട് സീനിയർ, സെലക്ഷൻ ഗ്രേഡ് പ്രമോഷൻ ലഭിച്ചിട്ടുള്ള 10 വർഷം പൂർത്തിയാക്കിയ ടൈപ്പിസ്റ്റുകൾക്ക് അസിസ്റ്റന്റ് ഗ്രേഡ് 1 ആയി തസ്തികമാറ്റം ലഭിക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) ഇല്ല.

(ബി) ചോദ്യം ഉദിക്കുന്നില്ല.

(സി) നടപടിക്രമങ്ങൾ പാലിയ്ക്കേണ്ടതിനുള്ള കാലതാമസം വേണ്ടി വരുന്നതാണ്.

(ഡി) ഗവൺമെന്റിന്റെ പരിഗണനയിലാണ്.

(ഇ) ടൈപ്പിസ്റ്റ് ഗ്രേഡ് 1 തസ്തികയിൽ നിന്ന് അസിസ്റ്റന്റ് ഗ്രേഡ് 1 ആയി തസ്തികമാറ്റം ലഭിക്കാൻ നിലവിലുള്ള നിയമം അനുവദിക്കുന്നുണ്ട്.

(എഫ്) നടപടി സ്വീകരിച്ചു വരുന്നു.

(ജി) സീനിയർ, സെലക്ഷൻ ഗ്രേഡ് പ്രമോഷൻ ലഭിച്ച ടൈപ്പിസ്റ്റു കൾക്ക് അസിസ്റ്റന്റ് ഗ്രേഡ് 1 ആയി തസ്തികമാറ്റം ലഭിയ്ക്കാൻ നിലവിൽ നിയമമില്ല.

6 (9) സംസ്ഥാനത്തിനു പുറത്ത് ട്രെയിനിംഗിന് നിലവിലുള്ള സംവിധാനങ്ങൾ

ശ്രീ. ജോർജ്ജ് ജെ. മാത്യു : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യ മന്ത്രി സദയം മറുപടി നൽകുമോ :

(എ) സെക്രട്ടേറിയറ്റിലെ ജീവനക്കാരെ സംസ്ഥാനത്തിനു പുറത്ത് ട്രെയിനിംഗിന് അയയ്ക്കുന്നതിനെ സംബന്ധിച്ച് നിലവിലുള്ള സംവിധാന ങ്ങളും അതിന്റെ നിബന്ധനകളും എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ;

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പൊതുഭ രണ വകുപ്പിലെ ഏതെല്ലാം ജീവനക്കാരെ സംസ്ഥാനത്തിനു പുറത്ത് ട്രെയി നിംഗിന് അയച്ചിട്ടുണ്ടെന്ന് വിശദീകരിക്കുമോ;

(സി) പൊതുഭരണ വകുപ്പിലെ ഏതെല്ലാം ജീവനക്കാരെ ഒന്നിൽകൂ ടുതൽ തവണ ഡൽഹിയിൽ ട്രെയിനിംഗിന് അയച്ചിട്ടുണ്ടെന്ന് വെളിപ്പെടു ത്തുമോ;

(ഡി) ഒരാളെ ഒന്നിൽ കൂടുതൽ തവണ ട്രെയിനിംഗിനായി സംസ്ഥാ നത്തിനു പുറത്ത് അയച്ചതിനുള്ള കാരണമെന്താണെന്ന് വ്യക്തമാക്കുമോ;

LIBRARY ARCHIVES Kerala Legislative Assembly